പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2796 14.02.2013-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) 215 കോടി രൂപ (RSBY 15 കോടി + ചിസ് 200 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. |
| (ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 2012 ജൂൺ വരെ നൽകിയത് എത്ര ; പ്രസ്തുത കാലയളവിൽ നൽകേണ്ട തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ; വ്യക്തമാക്കുമോ ; | (ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 2012 ജൂൺ വരെ നൽകിയത് 15 കോടി രൂപയാണ്. ബാക്കി 200 കോടി നൽകേണ്ടതായിട്ട് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കുടിശ്ശിക ഒന്നും നിലവിലില്ല. |
| (സി) ഇൻഷുറൻസ് നിയമമനുസരിച്ച് പ്രാബല്യം ലഭിക്കുന്നതിന് പ്രീമിയം മുൻകൂർ നൽകേണ്ടതുണ്ടോ ; | (സി) ഉണ്ട് |
| (ഡി) എങ്കിൽ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം സർക്കാർ നൽകേണ്ട തുകയിൽ കുടിശ്ശിക വരുത്തുന്നത് പ്രസ്തുത പദ്ധതിയെ പ്രതിസന്ധിയിലാക്കില്ലേ ; വ്യക്തമാക്കുമോ ? | (ഡി) ഇല്ല, പദ്ധതി മാനദണ്ഡ പ്രകാരം എൻറോൾമെന്റ് സമയത്ത് രജിസ്ട്രേഷൻ തുകയായി കുടുംബങ്ങളിൽ നിന്ന് ലഭിക്കുന്ന 30 രൂപ ഇൻഷുറൻസ് കമ്പനി സൂക്ഷിക്കുകയാണ് പതിവ്. ഇതിനെ ആദ്യഗഡു പ്രീമിയമായി പരിഗണിക്കുന്നു. |

സെക്ഷൻ ഓഫീസർ